**ഇന്ത്യാ ചൈന അതിർത്തി ചർച്ചകൾക്കുള്ള പ്രവർത്തന സംവിധാനത്തിന്റെ മൂന്നാമത് യോഗം**

ഇന്ത്യാ ചൈന അതിർത്തി ചർച്ചകളിൽ , വിദഗ്ദ്ധാഭിപ്രായത്തിനും സഹകരണത്തിനും വേണ്ടിയുള്ള പ്രവർത്തന സംവിധാനത്തിന്റെ (Working Mechanism for Consultation and Coordination on India-China Border Affairs ) മൂന്നാമത് യോഗം ഇന്നലെയും ഇന്നുമായി (ജൂലൈ 23-24 , 2013) ന്യൂഡെൽഹിയിൽ നടന്നു. ചർച്ചകൾക്കുള്ള ഇന്ത്യൻ പ്രതിനിധികളെ ജോയിന്റ് സെക്രട്ടറി ( കിഴക്കൻ ഏഷ്യ ) ശ്രീ ഗൌതം ബംബവാലെ (Shri Gautam Bambawale, Joint Secretary (East Asia) ) നയിച്ചു. വിദേശകാര്യം , പ്രതിരോധം , ആഭ്യന്തരം എന്നീ മന്ത്രാലയങ്ങളിലേയും , ഇന്ത്യൻ സൈന്യം , ഇന്തോ-ടിബറ്റൻ അതിർത്തി പോലീസ് എന്നിവയിലെയും അംഗങ്ങൾ ഉൾപ്പെട്ടതായിരുന്നു ഇന്ത്യയുടെ പ്രതിനിധി സംഘം. ചൈനയുടെ പ്രതിനിധികളെ , ചൈനയുടെ വിദേശകാര്യം , അതിർത്തി - സമുദ്രകാര്യ വകുപ്പ് ഡയറക്ടർ ജനറൽ ശ്രീ ഔയാങ്ങ് യൂജിങ്ങ് ( Mr. Ouyang Yujing, Director General, Department of Boundary and Oceanic Affairs,Ministry of Foreign Affairs ) നയിച്ചു. ചൈനയുടെ ദേശീയ പ്രതിരോധം, വിദേശകാര്യമന്ത്രാലയം എന്നിവയിൽ നിന്നുമുള്ള അംഗങ്ങൾ ഉൾപ്പെടുന്നതായിരുന്നു പ്രതിനിധി സംഘം.
വിദേശകാര്യ സെക്രട്ടറി ശ്രീ രഞ്ജൻ മത്തായിയുമായി ചൈനയുടെ പ്രതിനിധികൾ കൂടിക്കാഴ്ച നടത്തി.

വളരെ നിർമ്മാണാത്മകമായതും ശുഭാപ്തി വിശ്വാസമുള്ളതുമായ അന്തരീക്ഷത്തിലാണ് ചർച്ചകൾ നടന്നത് . ഇരു രാജ്യങ്ങൾക്കുമിടയിൽ ശാന്തിയും സമാധാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷയ്ത്തോടെ ഇന്ത്യാ - ചൈന അതിർത്തിയിൽ അടുത്ത കാലത്തുണ്ടായ സ്ഥിതിവിശേഷങ്ങൾ ഇരു വിഭാഗവും പരിശോധിച്ചു. ഇരു ഭാഗത്തും പരസ്പരവിശ്വാസം സൃഷ്ടിക്കുന്നതിനായി കൂടുതൽ കാര്യങ്ങൾ ചെയ്യുന്നതിനെ കുറിച്ച് ഇരു വിഭാഗവും ചർച്ച നടത്തി. ഇപ്പോൾ നിലവിലുള്ള പ്രവർത്തന സംവിധാനം എങ്ങിനെ കൂടുതൽ മികച്ചതാക്കാമെന്നും കൂടുതൽ കാര്യക്ഷമം ആക്കാമെന്നും അവർ ചർച്ചകൾ നടത്തുകയുണ്ടായി. കൈലാസ് - മാനസരോവർ തീർഥാടന യാത്രയ്ക്ക് ഒരു അധിക പാതയുണ്ടാക്കുന്നതിനെ കുറിച്ചും ഇരു പ്രതിനിധിസംഘങ്ങളും ചർച്ച ചെയ്തു.

പ്രവർത്തന സംവിധാനത്തിന്റെ നാലാമത് യോഗം ചൈനയിൽ വച്ചാകും നടക്കുക. ഇരു വിഭാഗത്തിനും അനുയോജ്യമായ ഒരു സമയത്തായിരിക്കും യോഗം .

**ന്യൂ ഡെൽഹി**

**ജൂലൈ 24, 2013**